I. ഇ.ബി. XV-കേരള നിയമസഭ/XVI-12

**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഫെബ്രുവരി 24, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ശബരിമല സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നും എസ്.ഐ.ടി-ക്കുമേൽ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുള്ള സമ്മർദ്ദം അവസാനിപ്പിക്കണമെന്നുമുള്ള ആവശ്യത്തിൽ ഉറച്ചുനിൽക്കുകയാണെന്നും ആയതിൽ പ്രതിഷേധിച്ച് സഭാനടപടികളുമായി സഹകരിക്കുന്നില്ലെന്നും ശ്രീ. കെ. ബാബു (തൃപ്പൂണ്ണിത്തുറ) പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ചോദ്യോത്തരവേള റദ്ദുചെയ്തു.)

## I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 3433, 1209 എന്നീ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരങ്ങൾ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 18-09-2025-ലെ നക്ഷത്രചിഹ്നമിടാത്ത 1209-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രിയും 08-10-2025-ലെ നക്ഷത്രചിഹ്നമിടാത്ത 3433-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയും മേശപ്പുറത്തുവച്ചു.

## II ചരമോപചാരം

<u>എം. മുരളിയുടെ നിര്യാണം</u>

മുൻ നിയമസഭാ സാമാജികനായ എം. മുരളിയുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കുകയും ചെയ്തു.

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ശ്രദ്ധക്ഷണിക്കലുകളുടെയും സബ്മിഷനുകളുടെയും മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്തുവയ്ക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ നിർദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേക്ക് കടക്കുകയും ചെയ്തു.)

## III മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## IV റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

1) സബ്ജക്ട് കമ്മിറ്റി II-ന്റെ 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

2) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2026-ലെ അബ്കാരി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

3) സബ്ജക്ട് കമ്മിറ്റി XII-ന്റെ സുരക്ഷിതമായ രക്ത ബാങ്കിംഗ് സംവിധാനം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

4) <u>താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ</u>

   i) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

   ii) 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

   iii) 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

5) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഏഴാമതും എട്ടാമതും റിപ്പോർട്ടുകൾ

6) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപത്തിയാറ് മുതൽ മുപ്പത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ

7) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ നാൽപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ

8) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട്

9) മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച കമ്മിറ്റിയുടെ പതിനഞ്ച് മുതൽ ഇരുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

10) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒൻപതാമതും പത്താമതും റിപ്പോർട്ടുകൾ

11) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനേഴാമതും പതിനെട്ടാമതും റിപ്പോർട്ടുകൾ

12) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

**V ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന**

2025 ഒക്ടോബർ 29-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 15/2025/ട്രാൻസ്. (എസ്.ആർ.ഒ.നമ്പർ 1238/2025) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2025-ലെ കേരള മോട്ടോർ വെഹിക്കിൾസ് (അമെന്റ്മെന്റ്) ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): 1 മുതൽ 5 വരെയുള്ള ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിക്കുന്നു.

1) In the fifth para of the principal Rule 91 proposed to be substituted by Rule 2(i) after the words "owned by State Transport Undertakings" the symbol and words", other than motor cars and jeeps owned by such undertakings" shall be inserted.

3) In the second proviso to the principal Rule 92(1) proposed to be inserted by rule 2(ii)(a) after the words and symbol" Local Self Government Departments," the words and symbol "Public Sector Undertakings," shall be inserted.

4) In item (iv) of the second proviso to the principal Rule 92(1) proposed to be inserted by rule 2(ii)(a) before the words"Quasi Government Institutions," the words and symbol "Public Sector Undertakings," shall be inserted.

5) In item (iv) of the newly added second proviso to the principal Rule 92(1) proposed to be inserted by Rule 2(ii)(a) for the words "above proviso" the words "first proviso" shall be substituted.

മന്ത്രി സ്വീകരിച്ച 1, 3, 4, 5 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

2-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## VI ഗവർണ്ണറുടെ സന്ദേശം

2026 ജനുവരി 20-ാം തീയതി സഭ അംഗീകരിച്ച നന്ദിരേഖപ്പെടുത്തുന്ന ഉപേക്ഷപത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

(ബഹു. സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലേക്ക് വന്നിരുന്ന് സഭാനടപടികൾ തടസ്സപ്പെടുത്തികൊണ്ടിരുന്നു)

മി. സ്പീക്കർ: 2026 ജനുവരി 20-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ സഭയിൽ നടത്തിയ പ്രസംഗത്തിനുശേഷം പ്രസ്തുത പ്രസംഗവേളയിൽ അദ്ദേഹം വിട്ടുകളഞ്ഞതും കൂട്ടിച്ചേർത്തതുമായ ചില ഭാഗങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഒരു പ്രസ്താവന നടത്തിയിരുന്നു. മന്ത്രിസഭ അംഗീകരിച്ച്, അച്ചടിച്ച്, സഭയിൽ വിതരണം നടത്തുന്നതാണ് യഥാർഥ പ്രസംഗമെന്നും അതിൽനിന്നും ഒഴിവാക്കിയവ ഉൾപ്പെടുത്തിയും കൂട്ടിച്ചേർക്കലുകൾ ഒഴിവാക്കിയും ആധികാരിക നയപ്രഖ്യാപന പ്രസംഗം അംഗീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഇതുസംബന്ധിച്ച സഭയിലെ കീഴ്വഴക്കങ്ങളുടെ പശ്ചാത്തലത്തിൽ സഭയിൽ വിതരണം നടത്തിയിട്ടുള്ള നയപ്രഖ്യാപന പ്രസംഗമായിരിക്കും സഭയുടെ ഔദ്യോഗിക രേഖകളിൽ ഉണ്ടായിരിക്കുന്നതെന്ന് ചെയർ റൂളിങ് നൽകിയിരുന്നു. ബഹുമാനപ്പെട്ട ഗവർണർ, നിയമസഭാ സ്പീക്കറെ അഭിസംബോധന ചെയ്തുകൊണ്ട് നൽകിയ കത്തുകളിൽ അദ്ദേഹം നടത്തിയ നയപ്രഖ്യാപന പ്രസംഗം പ്രസംഗിച്ച രൂപത്തിൽത്തന്നെ ആയിരിക്കണമെന്ന് അറിയിക്കുകയുമുണ്ടായി. പ്രസ്തുത വിഷയം സഭയുടെ തീരുമാനത്തിന് വിടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഭരണഘടനയുടെ അനുച്ഛേദം 176 പ്രകാരമുള്ള നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണർ സഭ മുമ്പാകെ അവതരിപ്പിക്കുന്നത് 'എന്റെ സർക്കാർ'-ന്റെ (My Government) നയങ്ങളാണ്. നയപ്രഖ്യാപന പ്രസംഗത്തിന്റെ കരട് മന്ത്രിസഭ അംഗീകരിച്ച് ബഹുമാനപ്പെട്ട ഗവർണർക്ക് മുഖ്യമന്ത്രിയുടെ കത്തോടുകൂടിയാണ് നൽകുന്നത്. ഏതെങ്കിലും കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ടെങ്കിലോ ഭിന്നാഭിപ്രായമുണ്ടെങ്കിലോ ബഹുമാനപ്പെട്ട ഗവർണർക്ക് അക്കാര്യം മുഖ്യമന്ത്രിയെ അറിയിക്കാവുന്നതാണ്. ഇത്തവണ നയപ്രഖ്യാപന പ്രസംഗത്തിന്റെ കരട് നൽകിയപ്പോൾ

ബഹുമാനപ്പെട്ട ഗവർണർ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കത്ത് മുഖാന്തരമോ അല്ലാതെയോ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അറിയിച്ചിട്ടില്ല. മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം ബഹുമാനപ്പെട്ട ഗവർണർ സ്വയം തിരുത്തി വായിച്ച നടപടി ഭരണഘടനാനുസൃതമല്ല. ആയതിനാൽ ഇക്കാര്യം ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ ബഹുമാനപ്പെട്ട സ്പീക്കർക്ക് നൽകിയ കത്തുകൾ പരിണിക്കേണ്ടതില്ലെന്ന് സഭയെ അറിയിക്കുന്നു.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഗവർണർ സ്പീക്കർക്ക് നൽകിയ കത്തുകൾ സഭ പരിഗണിച്ചില്ല)

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ചു)

## VII ധനകാര്യം

2026-2027 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XV - പൊതുമരാമത്ത്
(5870,96,69,000 രൂപ)

ധനാഭ്യർഥന നമ്പർ XLII - വിനോദസഞ്ചാരം
(502,70,94,000 രൂപ)

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXX - ഭക്ഷ്യം
(2333,63,67,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയേയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയും ചർച്ച കൂടാതെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**ചട്ടം സസ്പെന്റ് ചെയ്യുന്നതിനുള്ള ഉപക്ഷേപം**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): "XV-ാം കേരള നിയമസഭയുടെ 16-ാം സമ്മേളന കലണ്ടർ ഭാഗികമായി ഭേദഗതി ചെയ്ത് 2026 ഫെബ്രുവരി 25, 26, മാർച്ച് 4, 5, 9, 10, 11, 12, 16, 17, 18, 19 എന്നീ ദിവസങ്ങളിൽ സഭ പരിഗണിക്കാൻ നിശ്ചയിച്ചിരുന്ന ബിസിനസ്സുകൾ ഇന്ന് പരിഗണനയ്ക്കെടുക്കുവാൻ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| ധനാഭ്യർഥന നമ്പർ II | - | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (859,32,61,000 രൂപ) |
| ധനാഭ്യർഥന നമ്പർ III | - | നീതിന്യായ നിർവഹണം (1486,02,01,000 രൂപ) |
| ധനാഭ്യർഥന നമ്പർ XII | - | പോലീസ് (6795,51,43,000 രൂപ) |
| ധനാഭ്യർഥന നമ്പർ XIII | - | ജയിലുകൾ (282,72,97,000 രൂപ) |
| ധനാഭ്യർഥന നമ്പർ XIV | - | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |

(861,58,79,000 രൂപ)

ധനാഭ്യർഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും
(134,22,03,000 രൂപ)

ധനാഭ്യർഥന നമ്പർ XXVI - പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന്
(2243,05,00,000 രൂപ)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം
(34154,78,86,000 രൂപ)

ധനാഭ്യർഥന നമ്പർ XXIV - തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും
(1776,72,34,000 രൂപ)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XLVI - സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും
(21076,58,19,000 രൂപ)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ V - ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും (567,89,01,000 രൂപ)

ധനാഭ്യർഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ (6268,10,80,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ VI - ഭൂനികുതി (1183,55,27,000 രൂപ)

ധനാഭ്യർഥന നമ്പർ XI - ജില്ലാഭരണവും പലവകയും (1132,82,69,000 രൂപ)

ധനാഭ്യർഥന നമ്പർ XXI - ഭവനനിർമ്മാണം (157,15,41,000 രൂപ)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (12640,99,35,000 രൂപ)

ധനാഭ്യർഥന നമ്പർ XIX - കുടുംബക്ഷേമം (508,45,64,000 രൂപ)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു:

ധനാഭ്യർഥന നമ്പർ XXXVII - വ്യവസായങ്ങൾ (2273,41,68,000 രൂപ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി

(4147,16,13,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ

(308,80,28,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

(1699,77,89,000 രൂപ)

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

(768,24,02,000 രൂപ)

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIV - വനം

(1098,21,73,000 രൂപ)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം

(1279,35,07,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

(252,90,67,000 രൂപ)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

(566,89,17,000 രൂപ)

ധനാഭ്യർഥന നമ്പർ XXII - നഗരവികസനം

(1605,16,45,000 രൂപ)

ധനാഭ്യർഥന നമ്പർ XXXV - പഞ്ചായത്ത്

(1471,67,73,000 രൂപ)

ധനാഭ്യർഥന നമ്പർ XXXVI - ഗ്രാമവികസനം

(8180,49,19,000 രൂപ)

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXVII - സഹകരണം

(694,72,89,000 രൂപ)

ധനാഭ്യർഥന നമ്പർ XL - തുറമുഖങ്ങൾ

(186,15,40,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XX - ശുദ്ധജല വിതരണവും

ശുചീകരണവും

(1332,88,51,000 രൂപ)

ധനാഭ്യർഥന നമ്പർ XXXVIII - ജലസേചനം

(987,23,31,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXXIX - വൈദ്യുതപദ്ധതികൾ

(271,69,88,000 രൂപ)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ/മറ്റു

പിന്നാക്ക/ന്യൂനപക്ഷ

വിഭാഗങ്ങൾ എന്നിവരുടെ

ക്ഷേമം

(3774,71,67,000 രൂപ)

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V -ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI -ാം നമ്പർ ധനാഭ്യർത്ഥനയും

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും ചർച്ച കൂടാതെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയും ചർച്ചകൂടാതെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VIII നിയമനിർമ്മാണകാര്യം

(i) 2025-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

**ചട്ടം സസ്പെന്റ് ചെയ്യണമെന്ന ഉപക്ഷേപം**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): "സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 79-ലെ വ്യവസ്ഥകൾ ഭാഗികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

ശ്രീ. പിണറായി വിജയൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ചർച്ചയില്ല)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ട് മുതൽ നാല് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ട് മുതൽ നാല് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ട് മുതൽ നാല് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2025-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ കീഴിലുള്ള സർവീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

**ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം**

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): "സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ, 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ ഇന്നുതന്നെ

പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 79-ലെ വ്യവസ്ഥകൾ ഭാഗികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ, 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ചർച്ചയില്ല)

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ, 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(ii) 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ട് മുതൽ നാലുവരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ട് മുതൽ നാലുവരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ട് മുതൽ നാലുവരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (iii) 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ട് മുതൽ പതിമൂന്ന് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ട് മുതൽ പതിമൂന്ന് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ട് മുതൽ പതിമൂന്ന് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (iv) 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ

**ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം**

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): "സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 79-ലെ വ്യവസ്ഥകൾ ഭാഗികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ചർച്ചയില്ല)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ട് മുതൽ പതിനാറ് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

രണ്ട് മുതൽ പതിനാറ് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ട് മുതൽ പതിനാറ് വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(v) 2026-ലെ അബ്കാരി (ഭേദഗതി) ബിൽ

**ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം**

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): "സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ അബ്കാരി (ഭേദഗതി) ബിൽ ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 79-ലെ വ്യവസ്ഥകൾ ഭാഗികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ചർച്ചയില്ല)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2026-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല.)

രണ്ടാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2026-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(vi) 2026-ലെ കേരള ധനകാര്യ ബിൽ

(vii) 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

**ചട്ടം സസ്പെൻഡ് ചെയ്യണമെന്ന ഉപക്ഷേപം**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): "2026-ലെ കേരള ധനകാര്യ ബിൽ, 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്നതിനും ആയതിനുശേഷം ബില്ലുകൾ ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേക്കുമായി കേരള നിയമസഭയുടെ നടപടിക്രമവും

കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1) താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2026-ലെ കേരള ധനകാര്യ ബിൽ, 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: വ്യാപാരികളുടെ അൻപതിനായിരം രൂപ വരെയുള്ള നികുതി ബാധ്യതകൾ എഴുതിത്തള്ളുന്നതിനും അതുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനും പ്രളയ സെസ്സ് തീർപ്പാക്കാനുള്ള സമയപരിധി ദീർഘിപ്പിക്കുന്നതിനും 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് നിർദേശങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ചർച്ചയില്ല)

ശ്രീ. കെ. എൻ. ബാലഗോപാൽ: 2026-ലെ കേരള ധനകാര്യ ബിൽ, 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനകാര്യ ബിൽ, 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

2026-ലെ കേരള ധനകാര്യ ബിൽ

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

In the proviso to section 13A proposed to be inserted in the Kerala Finance Bill, 2025 by clause 2 of the Bill, for the words "tax or surcharge demand" the words "tax or surcharge" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നു മുതൽ ആറു വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മൂന്നു മുതൽ ആറു വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നു മുതൽ ആറു വരെയുള്ള വകുപ്പുകളും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2026-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

രണ്ടാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2026-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ )ബിൽ

സമ്മേളന കലണ്ടർ ഭാഗികമായി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): "പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളന കലണ്ടർ ഭാഗികമായി ഭേദഗതി ചെയ്ത് 2026-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഇന്നേ ദിവസം അവതരിപ്പിക്കുന്നതിനും പരിഗണനയ്ക്കെടുക്കുന്നതിനും ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2026-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: 2026-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർക്കാർ ജീവനക്കാർക്ക് കുടിശ്ശികയുണ്ടായിരുന്ന 13 ശതമാനം ക്ഷാമബത്ത നൽകുന്നതിന് ഉത്തരവിറക്കുകയും മുൻ ചീഫ് സെക്രട്ടറി വി. പി. ജോയി അധ്യക്ഷനായി മൂന്നംഗ ശമ്പള പരിഷ്കരണ കമ്മീഷനെ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അഷ്വേർഡ് പെൻഷൻ സ്കീം സംബന്ധിച്ച് ഉടൻതന്നെ ഉത്തരവിറക്കുന്നതാണ്.

2026-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2026-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2026-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**IX അവകാശലംഘന പ്രശ്നങ്ങൾ**

1. അനുമതി നിഷേധിച്ചവ

ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്കെതിരെ നൽകിയ അവകാശലംഘന നോട്ടീസിന് അനുമതി നിഷേധിച്ചു.

2. ചെയറിന്റെ പരിഗണനയിലിരിക്കുന്നവ

ചോദ്യോത്തരവേളയിൽ ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ വസ്തുതാവിരുദ്ധമായ പ്രസ്താവന നടത്തിയെന്നാരോപിച്ച് ശ്രീ. എം. വിൻസെന്റ് എം.എൽ.എ. നൽകിയ നോട്ടീസ്, പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ സംസ്ഥാനത്തെ മന്ത്രിമാരെ അപകീർത്തിപ്പെടുത്തുന്നതും അവഹേളിക്കുന്നതുമായ പ്രസ്താവന നടത്തിയത് സംബന്ധിച്ച് ശ്രീ. വി. ജോയി എം.എൽ.എ. നൽകിയ നോട്ടീസ്, പമ്പയിൽ നടന്ന ആഗോള അയ്യപ്പ സംഗമവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ചെലവഴിച്ച തുക സംബന്ധിച്ച് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ നിയമസഭയിൽ പരസ്പരവിരുദ്ധമായ മറുപടി നൽകിയെന്നാരോപിച്ച് ശ്രീ. രമേശ് ചെന്നിത്തല നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

3. പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിശോധനക്കായി റഫർ ചെയ്തിട്ടുള്ളത്

മി. സ്പീക്കർ: ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ., സഭയുടെ അന്തസ്സിന് കളങ്കം വരുത്തിയിരിക്കുന്നുവെന്നും അതിനാൽ അംഗത്തിനെതിരെ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് ശ്രീ. ഡി. കെ. മുരളി, എം.എൽ.എ. സമർപ്പിച്ച പരാതി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്തിട്ടുണ്ട്.

**X ഉപക്ഷേപം**

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ചരിത്ര പ്രസിദ്ധമായ ഒട്ടേറെ നിയമനിർമ്മാണങ്ങൾ നടത്തിയ സഭയാണ് പതിനഞ്ചാം കേരള നിയമസഭ. ഗവൺമെന്റിനെതിരെ ഒരു അവിശ്വാസ പ്രമേയം കൊണ്ടുവരാൻപോലും പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. കിഫ്ബി മുഖേന ധാരാളം വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയും നാഷണൽ ഹൈവേ, ഗെയ്ൽ പൈപ്പ്‌ലൈൻ പദ്ധതി, ഇടമൺ-കൊച്ചി പവർഹൈവേ, മലയോര/തീരദേശ ഹൈവേകൾ, ദേശീയ ജലപാത എന്നിവ യാഥാർത്ഥ്യമാക്കുകയും ലൈഫ് ഭവന പദ്ധതിയിലൂടെ അഞ്ച് ലക്ഷം വീടുകൾ പൂർത്തീകരിക്കുകയും കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തു. ന്യൂനപക്ഷത്തെ ചേർത്തുപിടിക്കാനും വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകാതെ സമാധാനാന്തരീക്ഷം നിലനിർത്താനും സംസ്ഥാനത്തെ വികസനപാതയിലെത്തിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

"സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്'' എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ 12 ദിവസം നീണ്ടുനിന്ന പതിനാറാം സമ്മേളനം ജനുവരി 20-ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിച്ചു. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരിപ്പിക്കുകയും ധനാഭ്യർത്ഥനകൾ, ധനകാര്യ/ധനവിനിയോഗ ബില്ലുകൾ ഉൾപ്പെടെ 9 ബില്ലുകൾ പാസ്സാക്കുകയുമുണ്ടായി. നിയമസഭാംഗങ്ങളായിരുന്ന കാനത്തിൽ ജമീല, ബാബു എം. പാലിശ്ശേരി, എം. ആർ. രഘുചന്ദ്രബാൽ, കെ. കെ. നാരായണൻ, പി. എം. മാത്യു, വി. കെ. ഇബ്രാഹിം കുഞ്ഞ്, എം. മുരളി, തോമസ് കുതിരവട്ടം, എന്നിവർക്ക് ചരമോപചാരം അർപ്പിച്ചു. സർക്കാർ ആശുപത്രികളിലുണ്ടാകുന്ന ചികിത്സാപിഴവുകളും ആരോഗ്യ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധിയും എന്ന വിഷയത്തിന്മേൽ ചട്ടം 50 പ്രകാരം ചർച്ച നടത്തി. ചട്ടം 118 പ്രകാരമുള്ള രണ്ട് ഗവൺമെന്റ് ഉപക്ഷേപങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കുകയും ചട്ടം 300 പ്രകാരമുള്ള പ്രസ്താവന നടത്തുകയും ചെയ്തു. 11 ശ്രദ്ധക്ഷണിക്കലുകളും 75 സബ്മിഷനുകളും

സഭയിൽ അവതരിപ്പിക്കുകയും 481 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും വിവിധ നിയമസഭാ കമ്മിറ്റികളുടെ 90 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പതിനഞ്ചാം കേരള നിയമസഭ 16 സമ്മേളനങ്ങളിലായി 204 ദിനങ്ങൾ സമ്മേളിക്കുകയും വിവിധ വിഷയങ്ങൾ പരിഗണിക്കുകയും ചെയ്തു. റൂൾ 50 പ്രകാരം 18 നോട്ടീസുകൾ ചർച്ചയ്ക്കെടുക്കുകയും വയനാട് ദുരന്തവുമായി ബന്ധപ്പെട്ട ഉപക്ഷേപത്തിന്മേൽ ചർച്ചയ്ക്കുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. ഏഴ്, പതിനാറ് സമ്മേളനങ്ങളിൽ ചെയർപേഴ്സൺമാരുടെ മൂന്നംഗ പാനലിൽ വനിതാ അംഗങ്ങളെ മാത്രം ഉൾപ്പെടുത്തിയ തീരുമാനം സ്വാഗതം ചെയ്യപ്പെട്ടു.

പതിനഞ്ചാം കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 140 അംഗങ്ങളിൽ നാല് സാമാജികർ അകാലത്തിൽ നമ്മെ വിട്ടുപിരിയുകയും ലോകസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് രണ്ട് പേരും മറ്റൊരു പാർട്ടിയിൽ അംഗത്വമെടുത്ത ശ്രീ. പി. വി. അൻവറും നിയമസഭാംഗത്വം രാജിവയ്ക്കുകയും കോടതി വിധിയെ തുടർന്ന് ശ്രീ. ആന്റണി രാജു അയോഗ്യനാക്കപ്പെടുകയും ചെയ്തു. ഒഴിവുവന്ന സീറ്റുകളിൽ ഉപതിരഞ്ഞെടുപ്പുകളിലൂടെ 5 പേർ സഭയിലേക്ക് കടന്നുവരികയും സഭയുടെ കാലാവധി അവസാനിക്കുമ്പോൾ 3 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്യുന്നു.

ശ്രീ. ആരിഫ് മുഹമ്മദ്ഖാൻ നാല് പ്രാവശ്യവും ശ്രീ. രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ രണ്ട് പ്രാവശ്യവും പതിനഞ്ചാം കേരള നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ട് നയപ്രഖ്യാപന പ്രസംഗങ്ങൾ നടത്തുകയുണ്ടായി.

1 മുതൽ 16 വരെയുള്ള സമ്മേളന കാലയളവിൽ അംഗങ്ങൾ നോട്ടീസ് നൽകിയ 69086 ചോദ്യങ്ങളിൽ 67832 ചോദ്യങ്ങളും (5160 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 62882 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും) 4 അടിയന്തര ചോദ്യങ്ങളും അനുവദിക്കുകയും എല്ലാ അടിയന്തര ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾക്കും മറുപടി ലഭിക്കുകയും ചെയ്തു.

313 ശ്രദ്ധക്ഷണിക്കലുകളും 1824 സബ്മിഷനുകളും അവതരിപ്പിക്കുകയും 6879 ഔദ്യോഗിക രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും ഭേദഗതി ചെയ്യുന്നതിനായി നോട്ടീസ് ലഭിച്ച ചട്ടങ്ങളിൽ 11 എണ്ണം സഭാതലത്തിൽ ഭേദഗതി വരുത്തുകയും ചെയ്തു.

ഈ സഭയിൽ അംഗങ്ങളായിരുന്ന 4 പേരുൾപ്പെടെ 75 പ്രമുഖ വ്യക്തിത്വങ്ങളുടെയും പ്രകൃതിദുരന്തങ്ങളിൽ മരണപ്പെട്ടവരുടെയും ദേഹവിയോഗത്തിൽ സഭ ദുഃഖം രേഖപ്പെടുത്തുകയും ഉപചാരമർപ്പിക്കുകയും ചെയ്തു.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി 102 റിപ്പോർട്ടുകളും എസ്റ്റിമേറ്റ്സ് കമ്മിറ്റി 36 റിപ്പോർട്ടുകളും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 82 റിപ്പോർട്ടുകളും പബ്ലിക് അണ്ടർടേക്കിങ്സ് കമ്മിറ്റി 84 റിപ്പോർട്ടുകളും സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി 25 റിപ്പോർട്ടുകളും മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി 22 റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ചു.

നാല് സെലക്ട് കമ്മിറ്റികളും ഒരു അഡ്ഹോക്ക് കമ്മിറ്റിയും രൂപീകരിക്കുകയും 29 ധനവിനിയോഗ ബില്ലുകൾ ഉൾപ്പെടെ 168 ബില്ലുകൾ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

109 അനൗദ്യോഗിക ബില്ലുകൾ അവതരിപ്പിക്കുകയും ചട്ടം 23 അനുസരിച്ചുള്ള ഒരു സ്റ്റാറ്റ്യൂട്ടറി പ്രമേയവും ചട്ടം 118 അനുസരിച്ചുള്ള 17 ഗവൺമെന്റ് പ്രമേയങ്ങളും സഭ പാസ്സാക്കുകയുമുണ്ടായി. നീറ്റ് പരീക്ഷാ നടത്തിപ്പിലെ ക്രമക്കേട് സംബന്ധിച്ച ഉപക്ഷേപം ചട്ടം 130 അനുസരിച്ച് ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടം 275 അനുസരിച്ച് സബ്സ്റ്റാന്റീവ് മോഷൻ പാസ്സാക്കുകയും ചട്ടം 300 പ്രകാരം 12 പ്രസ്താവനകൾ നടത്തുകയുമുണ്ടായി.

6 ബജറ്റുകൾ അവതരിപ്പിക്കുകയും 2023-ലും 2025-ലും 2026-ലും സാമ്പത്തിക വർഷാരംഭത്തിനുമുമ്പ് തന്നെ സമ്പൂർണ്ണ ബജറ്റ് പാസ്സാക്കുകയും ചെയ്തു.

സഭാ ടി.വി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും സഭാ ടി.വി. എക്സ്ക്ലൂസീവ് എന്ന പുതിയ യൂട്യൂബ് ചാനൽ ആരംഭിക്കുകയും ചെയ്തു. കെ-ലാംപ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സർട്ടിഫിക്കറ്റ് കോഴ്സ് വിപുലീകരിച്ച് പുതിയ കോഴ്സുകൾ ആരംഭിച്ചു.

കേരള നിയമസഭ National Women Legislators' Conference-ഉം ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങളുമായി ബന്ധപ്പെട്ട അനുസ്മരണവും സംഘടിപ്പിക്കുകയുണ്ടായി.

നിയമസഭാ ലൈബ്രറിയിലെ അംഗത്വം പൊതുജനങ്ങൾക്ക് ലഭ്യമാക്കി. നിയമസഭാ മന്ദിരത്തിന്റെ രജത ജൂബിലി ആഘോഷത്തിന്റെയും നിയമസഭാ പരിസര നവീകരണ പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം ഉപരാഷ്ട്രപതി നിർവഹിച്ചു.

2023 ജനുവരിയിൽ തുടക്കമിട്ട KLIBF (കേരള ലെജിസ്ലേച്ചർ ഇന്റർനാഷണൽ ബുക്ക് ഫെസ്റ്റിവൽ) നാല് പതിപ്പുകൾ പിന്നിട്ട് മാതൃകയായിരിക്കുകയാണ്.

ഭരണഘടനാ നിർമ്മാണസഭയുടെ ചർച്ചകൾ (Constituent Assembly Debates) പൂർണ്ണമായും മലയാളത്തിൽ തർജ്ജമ ചെയ്യുന്നതിന്റെ ഭാഗമായി ആറ് വാല്യങ്ങൾ

പ്രസിദ്ധീകരിക്കുകയും ബാക്കിയുള്ളവയുടെ പ്രസിദ്ധീകരണം പതിനഞ്ചാം കേരള നിയമസഭയുടെ കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

നിയമസഭാ മ്യൂസിയത്തിൽ ഇ.എം.എസ്. സ്മൃതി സജ്ജമാക്കുകയും കുടിശ്ശികയുണ്ടായിരുന്ന നിയമസഭാ പ്രൊസീഡിങ്സുകളുടെ പ്രിന്റിങ് സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തു.

'അറിവോരം' ദ്വൈമാസിക കൂടുതൽ ആകർഷകമാക്കി പുസ്തക രൂപത്തിൽ അച്ചടിക്കുന്നതിന് തീരുമാനിക്കുകയും അന്തരിച്ച മുൻമുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദന്റെ സഭാ പ്രവർത്തനങ്ങളെയും രാഷ്ട്രീയ ജീവിതത്തെയും ഉൾപ്പെടുത്തി "വി. എസ്. സഭയ്ക്കകത്തും ജനപദങ്ങളിലും ഇച്ഛാശക്തിയുടെ ഇതിഹാസം" എന്ന ഗ്രന്ഥം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു.

'കേരള നിയമസഭ - നടപടിക്രമവും കീഴ്വഴക്കങ്ങളും' എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പും 'കേരള നിയമസഭ – നിയമനിർമ്മാണത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ 1957-2026' എന്ന റഫറൻസ് ഗ്രന്ഥവും ഇന്ന് പ്രസിദ്ധീകരിക്കുന്നതാണ്.

നിയമസഭാ ഹോസ്റ്റലിൽ നിർമ്മാണം പൂർത്തിയാക്കുന്ന പമ്പ ബ്ലോക്കിന്റെ ഉദ്ഘാടനം ഇന്ന് നിർവഹിക്കുന്നതാണ്.

നിയമസഭയിൽ കെ-ഫോണിനെ (KFON) പ്രാഥമിക ഇന്റർനെറ്റ് കണക്ഷനാക്കി മാറ്റുകയും ഇ-ഓഫീസ് സംവിധാനം നടപ്പാക്കുകയും ചെയ്തു.

പതിനഞ്ചാം കേരള നിയമസഭയുടെ സമ്മേളനങ്ങളും അനുബന്ധ പരിപാടികളും വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച എല്ലാവർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ബഹുമാനപ്പെട്ട സാമാജികർക്ക് ഊഷ്മളമായ ഭാവുകങ്ങളും നേരുന്നു. എല്ലാവർക്കും ഈദുൽ ഫിത്തർ-ഈസ്റ്റർ -വിഷു ആശംസകൾ നേരുന്നു. സഭ അനിശ്ചിത കാലത്തേക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ രാവിലെ 11.29-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.)